സർക്കാർ കടം വാങ്ങിയ തുക

11 (1281) . ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 മുതൽ ഓരോ വർഷവും ലോക ബാങ്ക്, ഏഷ്യൻ ബാങ്ക്, നബാർഡ്, എൽ.ഐ.സി., ഹഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്ന് എത്ര രൂപ വീതം കടമെടുത്തിട്ടുണ്ട് ;

(ബി) ഇപ്പോൾ ഈ സ്ഥാപനങ്ങൾക്ക് എത്ര രൂപ കടം വാങ്ങിയ വക യിൽ നൽകാനുണ്ട് ;

(സി) ഇവയുടെ പലിശ എത്ര ശതമാനമാണ് ?

ഉത്തരം

(എ)

വർഷം	നബാർഡ്	എൽ.ഐ.സി.	ലോകബാങ്ക്	ഹഡ്കോ
	(രൂപ കോടിയിൽ)			
1	2	3	4	5
1996-97	65,30+9.19	31.63	അധിക കേന്ദ്ര	ഹഡ്കോയിൽ
1997-98	35.92.+18.26	110.03	സഹായമെന്ന	നിന്ന് സർക്കാർ
1998-99	39.65+4.20	148.71	നിലയിൽ 1996-97	നേരിട്ട് വായ്പകൾ
1999-2000	60.96+3.92	179.68	മുതൽ 31-12-2000	ഒന്നും എടുത്തിട്ടില്ല
2000-2001	67.26	159.63	വരെ 48.62 കോടി	
			രൂപ ലഭിച്ചിട്ടുണ്ട്	
	ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ			
	നിന്നും വായ്പ ലഭ്യമായി			
	തുടങ്ങിയിട്ടില്ല.			

(ബി) നബാർഡ് : 242.383+46.09 കോടി രൂപ

എൽ.ഐ.സി. : 716.59 കോടി രൂപ

(സി) എൽ.ഐ.സി. വായ്പയുടെ പലിശ 13% , നബാർഡിന്റെ ആർ.ഐ. ഡി.എഫ് (RIDF) 1 പ്രകാരമുള്ള വായ്പയുടെ പലിശ 13% ആർ.ഐ.ഡി.എഫ്. 2-5 വരെ 12%, ആർ.ഐ.ഡി.എഫ്. 6 വായ്പയുടെ പലിശ 11.5%

സാമൂഹ്യക്ഷേമ പെൻഷൻ

12 (1282) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നൽകി വരുന്ന ദുർബല ജനവിഭാഗങ്ങൾക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) അവയിൽ ഓരോന്നിനും ഗുണഭോക്താവിന് ലഭിക്കുന്ന മാസ പെൻഷൻ തുക എന്തു വീതം വരും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ സാമൂഹ്യക്ഷേമ പെൻഷനും ഏർപ്പെടുത്തിയ തീയതി, മാസം, വർഷം എന്നിവ അറിയിക്കുമോ ;

(ഡി) പ്രസ്തുത സാമൂഹ്യക്ഷേമ പെൻഷനുകൾ എല്ലാം കൂടി നൽകാൻ പ്രതിവർഷം ചെലവാക്കുന്ന ആകെ തുക എന്തു വരും ;

(ഇ) ഇവയുടെ എല്ലാം കൂടി ഗുണഭോക്താക്കളുടെ എണ്ണം എന്തു വരും ?

ഉത്തരം

(എ) കർഷക തൊഴിലാളി പെൻഷൻ, അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള സ്പെഷ്യൽ പെൻഷൻ, അഗതി/വിധവ പെൻഷൻ, വാർദ്ധ്യകാല പെൻഷൻ എന്നിവ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നൽകി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളാണ്.

(ബി) കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 120 രൂപയും മറ്റുള്ളവ പ്രതിമാസം 110 രൂപ നിരക്കിലുമാണ് നൽകി വരുന്നത്.

(സി) കർഷകതൊഴിലാളി പെൻഷൻ 1-4-1980 - ലും അംഗവൈകല്യം ഉള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള സ്പെഷ്യൽ പെൻഷൻ 1-4-1982 - ലും അഗതി/വിധവ പെൻഷൻ 1-8-1973 - ലും വാർദ്ധ്യകാല പെൻഷൻ 1-11-1995 ലുമാണ് ഏർപ്പെടുത്തിയത്.

(ഡി) ഇവയ്ക്കെല്ലാം കൂടി പ്രതിവർഷം 129,15,09,760 രൂപ ചെലവ് വരും.

(ഇ) ഇവയുടെ എല്ലാം കൂടി ഗുണഭോക്താകളുടെ എണ്ണം 9,11,457 വരും.

വാഹനങ്ങളുടെ ദുരുപയോഗം

13 (1283) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനം ദുരുപയോഗം ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് പരിശോധിക്കാൻ ധനകാര്യ പരിശോധന (സാങ്കേതികയിതര) വിഭാഗം രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഇ) ഈ വിഭാഗം ദുരുപയോഗം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(എഫ്) വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 12-10-2000ലെ സ.ഉ. (പി) നം.1213/2000/ധനം, പ്രകാരം പോലീസ്, ആരോഗ്യം, കൃഷി, പൊതുമരാമത്ത്, ജലസേചനം ഉൾപ്പെടെയുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly